**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 737** **14-10-2026-ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമ പ്രവർത്തനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ നിലവിലില്ല.

**(ബി)** മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവനോപാധികൾ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവനോപാധികൾ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകുന്നതിന് നടപ്പിലാക്കിയിട്ടുള്ള പൊതുവായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. അയ്യൻകാളി ടാലന്റ് സേർച്ച് & ഡെവലപ്പ്മെന്റ് സ്കീം.
2. പ്രത്യേക പ്രോത്സാഹന സമ്മാനം
3. പ്രൈമറി സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്
4. വിഷൻ
5. വിഷൻ പ്ലസ്
6. സ്റ്റെതസ് സ്കോപ്പ് വിതരണം
7. ലാപ്ടോപ്പ് വിതരണം
8. എം.ബി.ബി.എസ്/ബി.ഡി.എസ്. വിദ്യാർത്ഥികൾക്കുള്ള പ്രാരംഭ ചെലവ്.
9. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള പ്രാരംഭ ചെലവ്

10. ഗവ: ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്

11. സ്റ്റഡി ടൂർ

12. പഠനമുറി പദ്ധതി

13. സ്വയംതൊഴിൽ ധനസഹായം സബ്സിഡി

14. ഭൂരഹിത പുനരധിവാസം

15. സേഫ് പദ്ധതി

16. ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസം ഉന്നമനം

17. ചികിത്സാ ധനസഹായം

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 3 പട്ടികവർഗ്ഗ ഗുണഭോകതാക്കൾക്ക് സേഫ് പദ്ധതി മുഖേന ഭവന പുനരുദ്ധാരണത്തിന് തുക അനുവദിച്ചു വരുന്നു. വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ലഭ്യമാകുന്ന മുറക്ക് ആയത് പരിഗണിച്ച് തുക അനുവദിച്ചു വരുന്നു.

**(സി)** മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിലവിൽ പദ്ധതികൾ എന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** നിലവിൽ നടപ്പിലാക്കി വരുന്ന അംബേദ്ക്കർ ഗ്രാമം, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾക്കു പുറമെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം "പഞ്ചമി ഗ്രാമം" എന്ന പുതിയ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട് .

**(ഡി)** മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വന്തമായി സുരക്ഷിത ഭവനം ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ പുതിയ ഭവന പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പിന്നോക്കവിഭാഗക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനായി നിലവിൽ പ്രത്യേകമായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല.

**(ഇ)** മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗക്കാർക്ക് 'ടി-ഗ്രാന്റ്സ്' വഴി ചികിത്സാസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; മണ്ഡലത്തിൽ നിലവിൽ ധനസഹായത്തിന് അപേക്ഷിച്ച എത്ര പേരുടെ അപേക്ഷകളാണ് പരിഗണിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്ക് 'ടി ഗ്രാന്റ്സ്' വഴി ചികിത്സാസഹായം നൽകിയിട്ടുണ്ട്. T-Grantz Portal വഴി അക്ഷയ കേന്ദ്രത്തിലൂടെ അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കുകയും, അനുമതി ലഭ്യമായ അപേക്ഷയിൽ ബ്ലോക്ക്/മുനിസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസ് മുഖേന ധനസഹായം അനുവദിക്കുകയുമാണ് ചെയ്യുന്നത്. 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാ ധനസഹായം

അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/- രൂപ വരെ ആശുപത്രി മുഖാന്തിരം നൽകുന്നു. നിലവിൽ 26 അപേക്ഷകർക്ക് അനുമതി ലഭ്യമാകാനുണ്ട്.

ടി-ഗ്രാന്റ്സ് ചികിത്സാസഹായം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകൾ നിലവിൽ ലഭ്യമായിട്ടില്ല. പിന്നോക്കവിഭാഗ വികസന വകുപ്പ് മുഖേന ചികിത്സാ സഹായങ്ങൾ അനുവദിക്കുന്നില്ല.

**(എഫ്)** മണ്ഡലത്തിലെ ഉന്നതികളിലുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം സമയബന്ധിതമായി നൽകി വരുന്നുണ്ട്. ആയത് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതി അനുകൂല്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കും.

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആകെ 292 പട്ടികവർഗ്ഗക്കാർ മാത്രമാണ് താമസം ഉള്ളത്. ചികിത്സയുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി താലൂക്ക് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, കോട്ടയം ജില്ല ആശുപത്രി എന്നിവയാണ് ഉള്ളത്. കോട്ടയം മെഡിക്കൽ കോളേജ്, കോട്ടയം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി മുഖേന ചികിത്സ ധനസഹായം അനുവദിച്ചു വരുന്നു. കൂടാതെ പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ സേവനവും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | അയ്യൻകാളി ടാലന്റ് സേർച്ച് & ഡെവലപ്പ്മെന്റ് സ്കീം | വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ നൽകുന്ന ലിസ്റ്റിനനുസരിച്ചാണ് നൽകി വരുന്നത്. ആനുകൂല്യം അനുവദിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമല്ല. |
| 2 | പ്രത്യേക പ്രോത്സാഹന സമ്മാനം | |
| 3 | പ്രൈമറി സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്/ | |
| 4 | ട്യൂട്ടോണിക്സ് | |
| 5 | വിഷൻ 2024-25 | |
| 6 | വിഷൻ പ്ലസ് | |
| 7 | സ്റ്റെതസ് സ്കോപ്പ് വിതരണം | |
| 8 | ലാപ്ടോപ്പ് വിതരണം | |
| 9 | മെഡിക്കൽ, ബി.ബി.എസ്/ബി.ഡി.എസ്.വിദ്യാർത്ഥികൾക്കുള്ള പ്രാരംഭ ചെലവ് | |
| 10 | എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള പ്രാരംഭ ചെലവ് | |
| 11 | ഗവ :ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് | |
| 12 | സ്റ്റഡി ടൂർ | |
| 13 | അഭിഭാഷകർക്കുള്ള ധനസഹായം | 0 |
| 14 | പഠനമുറി പദ്ധതി | 22 ഗുണഭോക്താക്കൾക്കായി 2580000/- |
| 15 | സ്വയംതൊഴിൽ ധനസഹായം ( സബ്സിഡി) | അപേക്ഷ ലഭ്യമായിട്ടില്ല. |
| 16 | വിദേശ തൊഴിൽ ധനസഹായ പദ്ധതി | അലോട്ട്മെൻറ് ലഭ്യമായിട്ടില്ല |
| 17 | ഭൂരഹിത പുനരധിവാസം | പദ്ധതിയുടെ എ എസ് ലഭ്യമായിട്ടില്ല |
| 18 | സേഫ് പദ്ധതി | 1 ഗുണഭോക്താവിന് 50000 |
| 19 | ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസം ( ഉന്നമനം) | സ്വയംതൊഴിൽ ധനസഹായ പദ്ധതി - 2 ഗുണഭോക്താക്കൾക്ക് നൽകി . 1 ഗുണഭോക്താവിന് 150000 |
| 20 | ചികിത്സാധനസഹായം | 0 |

| | | |
|---|---|---|
| 21 | ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം | 1 ഗുണഭോക്താവിന് 200000 |
| 22 | വിവാഹ ധനസഹായം | 5 ഗുണഭോക്താക്കൾക്ക് 625000 |
| 23 | മിശ്രവിവാഹ ധനസഹായം | അലോട്ട്മെൻറ് ലഭ്യമായിട്ടില്ല |
| 24 | അതിക്രമം തടയൽ | അലോട്ട്മെൻറ് ലഭ്യമായിട്ടില്ല |
| 25 | കോർപ്പസ് ഫണ്ട് | 1. കക്കാട്ട് നഗർ സംരക്ഷണ ഭിത്തി നിർമ്മാണം<br>പദ്ധതി തുക - 695000<br>പദ്ധതി ആരംഭിച്ചിട്ടില്ല<br>2. അമരമംഗലം എസ് സി സങ്കേതം സംരക്ഷണഭിത്തി നിർമ്മാണം.<br>പദ്ധതി തുക Rs 1165000<br>പദ്ധതി ആരംഭിച്ചിട്ടില്ല<br>3. കൊഴപ്പക്കുളം വക്കിത്താനം സംരക്ഷണഭിത്തി നിർമ്മാണം .<br>പദ്ധതി തുക 15,47,000<br>പദ്ധതി ആരംഭിച്ചിട്ടില്ല<br>4. പാറാട്ട് നഗർ റോഡ് കോൺക്രീറ്റിംഗ്<br>പദ്ധതി തുക 5,05,000<br>ടി എസ് ആയിടെൻറർ. .കൊടുത്തു |

| | | |
|---|---|---|
| 26 | അംബേദ്കർ ഗ്രാമം | 1.മാടപ്പള്ളി ഗ്രാമപഞ്ചായത്ത് - മുതലപ്ര എസ്.സി. നഗർ<br>പദ്ധതി തുക -/9373659<br>99 % വർക്ക് പൂർത്തികരിച്ചു.<br>2. മാടപ്പള്ളി ഗ്രാമപഞ്ചായത്ത് വെള്ളുക്കുന്ന്- എസ്.സി. നഗർപദ്ധതി തുക -/9431547<br>വർക്ക് പൂർത്തികരിച്ചു.<br>3. വാഴപ്പള്ളി സെറ്റിൽമെന്റ് പദ്ധതി തുക-/9899818<br>ടെൻറർ നടപടി ആരംഭിച്ചു |